പോലീസ് ട്രെയിനിംഗ് കോളേജിൽ ഒരു ക്രിമിനോളജിസ്റ്റ് പ്രവർത്തിച്ചു വരുന്നു. ക്രിമിനോളജിക്കൽ പീരിയോഡിക്കൽ റിപ്പോർട്ടുകളൊന്നും ഇപ്പോൾ പ്രസിദ്ധീകരിക്കുന്നില്ല.

58 (2243) ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മെഴുവേലി പഞ്ചായത്തിൽ ഇലവുംതിട്ടയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വളരെയേറെ വർഷങ്ങളായി ഉന്നയിച്ചുപോരുന്ന ആവശ്യമാണെന്ന നിലയിൽ ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റിൽ ഇലവുംതിട്ട എന്ന സ്ഥലവും ഉൾപ്പെടുത്തി ഡി.ജി.പി. യിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

59 (2244) പോലീസ് ക്യാമ്പിലെ സൗകര്യം മെച്ചപ്പെടുത്തൽ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലുള്ള മണിയാർ പോലീസ് ക്യാമ്പിൽ ഇപ്പോൾ എത്ര പോലീസുകാർ പരിശീലനം നേടുന്നു;

(ബി) ഇത്രയും പേർക്ക് താമസിക്കുവാൻ സൗകര്യപ്രദമായ ബാരക്കുകൾ നിർമ്മിക്കുവാൻ ഇത്രയും നാളായിട്ടും കഴിയാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ടൗണിൽനിന്നും മാറി ഒറ്റപ്പെട്ട ഈ ക്യാമ്പിലെ അന്തേവാസികൾക്ക് റിക്രിയേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പോലീസ് വകുപ്പിന്റെ സഹായം ലഭിക്കാത്തതുമൂലം പോലീസുകാർ ഇവിടെ പിരിവെടുത്ത് ഡിഷ് ആന്റിന സ്ഥാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കായിക മത്സരങ്ങളും കായിക പരിശീലനവും കൂടി നേടുവാൻ സൗകര്യമുണ്ടാകുകയും അതിന് വേണ്ട ഉപകരണങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly